# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4904

04.07.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി. എം. ഉമ്മർ മാസ്റ്റർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര കോടി രൂപ ചെലവഴിച്ചു; | (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം, മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി **49,70,20,294** രൂപ കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച നൽകി. മത്സ്യഫെഡ്,മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ, **NMDFC, NBCFDC** എന്നിവിടങ്ങളിൽ നിന്നും വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസത്തിനായി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് **35,95,000** രൂപ അനുവദിച്ച നൽകി. |
| (ബി) | പ്രസ്തുതയിനത്തിൽ കോഴിക്കോട് ജില്ലക്ക് അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ; | (ബി) | കോഴിക്കോട് ജില്ലയിലെ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി **7,79,03,610** രൂപ സഹകരണ സംഘം രജിസ്ട്രാർക്കും ,മത്സ്യഫെഡിൽ നിന്നും സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി **1,37,674** രൂപ മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്കും അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | പദ്ധതി പ്രകാരം വിതരണം ചെയ്യാനുള്ള തുകയിൽ ബാക്കിയുണ്ടോ ; എങ്കിൽ പ്രസ്തുത തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ ? | (സി) | പ്രാഥമിക സഹകരണ സംഘങ്ങൾ/ സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്ന് വായ്പ എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് **241.15** കോടി രൂപയുടെ കടാശ്വാസം ലഭ്യമാക്കുന്നതിനായി അനുമതി നൽകിയതിൽ ഒന്നാം ഗഡുവായി **100** കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ 100 കോടി രൂപയുടെ ധന വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് സഹകരണ മേഖലയ്ക്ക് അനുവദിച്ച തുകയിൽ ബാക്കിയുള്ള 141.15 കോടി രൂപ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ